# പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ
# ശമ്പളവും ക്ഷാമബത്തയും ചില വസ്തുതകൾ

(Pay Revision wef 01.04.2014 as per GO 118 / 2015 Co-op. dt. Tvm. 17.09.2015)

ശമ്പളപരിഷ്കരണ ഉത്തരവിൽ തന്നെ ക്ഷാമബത്ത സംബന്ധമായി വ്യക്തതയുണ്ടായിരുന്നതിനാൽ 3 ഗഡു ക്ഷാമബത്ത കൃത്യമായിത്തന്നെ നമുക്ക് ലഭിക്കുകയുണ്ടായി.

01.04.2014 73%

01.07.2014 80%

01.01.2015 86%

തുടർന്ന് ക്ഷാമബത്ത അനുവദിക്കുമ്പോൾ സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയുമായി തുലനം ചെയ്ത് അർഹതപ്പെട്ടത് നിഷേധിക്കുന്ന സമീപനമായിരുന്നു ഉണ്ടായിരുന്നത്. ആയത് ഇപ്രകാരം സംഗ്രഹിക്കാം.

| പ്രാബല്യ തിയ്യതി | സംഘടനയുടെ വെബ്സൈറ്റിൽ സമയാസമയം ആധികാരികമായി പ്രസിദ്ധീകരിച്ച് വന്ന ക്ഷാമബത്ത | സംഘടനയുടെ സമയോചിത ഇടപെടൽ ഇല്ലായിരുന്നുവെങ്കിൽ ഇന്ന് നമുക്ക് ലഭിക്കുമായിരുന്ന ക്ഷാമബത്ത | നിഷേധിക്കപ്പെടുമായിരുന്ന ക്ഷാമബത്ത ജീവനക്കാർക്ക് സംഘടന അധികമായി നേടിക്കൊടുത്തത് |
|---|---|---|---|
| 1.07.2015 | 92 | 90 | 2 |
| 1.01.2016 | 98 | 94 | 4 |
| 1.07.2016 | 105 | 98 | 7 |
| 1.01.2017 | 109 | 100 | 9 |
| 1.07.2017 | 112 | 102 | 10 |

മേൽ പട്ടികപ്രകാരം ക്ലാസ് 1 ബാങ്കിൽ 01.04.2014 ന് സർവ്വീസിൽ പ്രവേശിച്ച രണ്ട് തസ്തികയിലെ ജീവനക്കാർക്ക് 01.07.2015 മുതൽ 31.12.2018 കൂടിയ 30 മാസം അധികമായി ലഭിച്ച ക്ഷാമബത്ത.

## പ്യൂൺ

| തിയ്യതി | അടിസ്ഥാന ശമ്പളം | വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്തിരുന്ന തും ശക്തമായ ഇടപെടലിനെ തുടർന്ന് സംഘ ടന നേടിയെടു ത്തതുമായ ക്ഷാമബത്ത | സർക്കാർ പ്രൊപ്പോസ് ചെയ്തിരുന്ന ക്ഷാമബത്ത | അധികമായി ലഭിച്ച ക്ഷാമ ബത്ത | കാലയലവ് (മാസം) | മൊത്തം അധികമായി ലഭിച്ച തുക |
|---|---|---|---|---|---|---|
| 01/04/14 | 9910 | — | — | — | — | — |
| 01/07/14 | 9910 | — | — | — | — | — |
| 01/01/15 | 9910 | — | — | — | — | — |
| 01/04/15 | 10170 | — | — | — | — | — |
| 01/07/15 | 10170 | 9356 | 9153 | 203 | 6 | 1218 |
| 01/01/16 | 10170 | 9967 | 9560 | 407 | 3 | 1221 |
| 01/04/16 | 10430 | 10221 | 9804 | 417 | 3 | 1251 |
| 01/07/16 | 10430 | 10952 | 10221 | 731 | 6 | 4386 |
| 01/01/17 | 10430 | 11369 | 10430 | 939 | 3 | 2817 |
| 01/04/17 | 10690 | 11652 | 10690 | 962 | 3 | 2886 |
| 01/07/17 | 10690 | 11973 | 10904 | 1069 | 6 | 6414 |
| 01/01/18 | 10690 | 11973 | 10904 | 1069 | 3 | 3207 |
| 01/04/18 | 10950 | 12264 | 11169 | 1095 | 3 | 3285 |
| 01/07/18 | 10950 | 12264 | 11169 | 1095 | 6 | 6570 |
| TOTAL | | 111991 | 104004 | 7987 | | 33255 |

## ജൂനിയർ ക്ലർക്ക്

| തിയ്യതി | അടിസ്ഥാന ശമ്പളം | വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്തിരുന്ന തും ശക്തമായ ഇടപെടലിനെ തുടർന്ന് സംഘ ടന നേടിയെടു ത്തതുമായ ക്ഷാമബത്ത | സർക്കാർ പ്രൊപ്പോസ് ചെയ്തിരുന്ന ക്ഷാമബത്ത | അധികമായി ലഭിച്ച ക്ഷാമ ബത്ത | കാലയലവ് (മാസം) | മൊത്തം അധികമായി ലഭിച്ച തുക |
|---|---|---|---|---|---|---|
| 01/04/14 | 10950 | — | — | — | — | — |
| 01/07/14 | 10950 | — | — | — | — | — |
| 01/01/15 | 10950 | — | — | — | — | — |
| 01/04/15 | 11250 | — | — | — | — | — |
| 01/07/15 | 11250 | 10350 | 10125 | 225 | 6 | 1350 |
| 01/01/16 | 11250 | 11025 | 10575 | 450 | 3 | 1350 |
| 01/04/16 | 11550 | 11319 | 10857 | 462 | 3 | 1386 |
| 01/07/16 | 11550 | 12128 | 11319 | 809 | 6 | 4854 |
| 01/01/17 | 11550 | 12590 | 11550 | 1040 | 3 | 3120 |
| 01/04/17 | 11850 | 12917 | 11850 | 1067 | 3 | 3201 |
| 01/07/17 | 11850 | 13272 | 12087 | 1185 | 6 | 7110 |
| 01/01/18 | 11850 | 13272 | 12087 | 1185 | 3 | 3555 |
| 01/04/18 | 12150 | 13608 | 12393 | 1215 | 3 | 3645 |
| 01/07/18 | 12150 | 13608 | 12393 | 1215 | 6 | 7290 |
| TOTAL | | 124089 | 115236 | 8853 | | 36861 |

മേൽ പറഞ്ഞത് ഒരു സാങ്കൽപ്പിക ജീവനക്കാരന്റെ കണക്കാണ്. സംഘടനയിലെ ഓരോ മെമ്പറും അവരവർക്ക് നഷ്ടമാകുമായിരുന്ന തുകയെത്രയായിരുന്നു എന്ന് സ്വയം പരിശോധിക്കുക. കേരളത്തിലങ്ങളോമിങ്ങോളമുള്ള സഹകരണ ജീവനക്കാർ സംഘടനാ ഭേദമന്യേ ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് ഫോൺ / ഇ മെയിൽ / വാട്ട്സാപ്പ് മുഖേന കൃതജ്ഞത അറിയിക്കുന്ന കാര്യവും താങ്കളുടെ അറിവിലേക്കായി സൂചിപ്പിക്കുന്നു. സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിച്ച് ഉത്തരവാകുന്ന അന്ന് തന്നെ അർഹമായ തൊട്ടടുത്ത ഘഡു ക്ഷാമബത്ത ഉറപ്പുവരുത്തുവാൻ സംഘടനയുടെ ഇടപെടൽ തുടങ്ങുകയായി. രജിസ്ട്രാർ ഓഫീസും ഫൈനാൻസ് ഡിപ്പാർട്ട്മെന്റിലെ അഗ്രി, പി.ആർ.യു. സെക്ഷനുകളും സഹകരണ വകുപ്പിലെ സ്പെഷ്യൽ / അണ്ടർ / ജോയിന്റ് / അഡീഷണൽ സെക്രട്ടറിമാരുടെ ഓഫീസുകളും പല തവണ കയറിയിറങ്ങി ക്ഷാമബത്ത സംബന്ധമായ സംഘടനയുടെ വ്യക്തമായ നിലപാട് ആധികാരികമായി ബോധ്യപ്പെടുത്തിയാണ് നാളിതുവരെ സി.ഇ.ഒ. എക്സ്പെക്ട് ചെയ്യുന്ന ക്ഷാമബത്ത നാം അതാത് സമയം നേടിയെടുക്കുന്നത് എന്ന കാര്യം സന്തോഷപൂർവ്വം എല്ലാ മെമ്പർമാരെയും അറിയിക്കുന്നു.

അഭിവാദ്യങ്ങളോടെ...

**എ.കെ. മുഹമ്മദലി**
ജനറൽ സെക്രട്ടറി
സി.ഇ.ഒ. സംസ്ഥാന കമ്മിറ്റി

കോഴിക്കോട്
12.01.2019